# ഇന്ത്യയിലെ മുജാഹിദീൻ പ്രസ്ഥാനം

ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവി ആവിഷ്കരിച്ച ആശയാടിത്തറയിൽനിന്നുകൊണ്ട് രൂപീകരിക്കപ്പെട്ട ഒരു സമ്പൂർണ ഇസ്‌ലാമിക പ്രസ്ഥാനമാണ് തഹ്‌രീകെ മുജാഹിദീൻ അഥവാ മുജാഹിദീൻ പ്രസ്ഥാനം. ഷാ വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ പൗത്രൻ ഷാ ഇസ്മാഈൽ ശഹീദും വലിയ്യുല്ലായുടെ മകൻ ഷാ അബ്ദുൽ അസീസിന്റെ ശിഷ്യൻ സയ്യിദ് അഹ്മദ് ശഹീദും സംയുക്തമായി രൂപീകരിച്ച ഈ പ്രസ്ഥാനത്തിന് ഇന്ത്യയിലെ ഇസ്‌ലാമിക നവോത്ഥാന ചരിത്രത്തിൽ സുപ്രധാന സ്ഥാനമുണ്ട്. ഷാ വലിയ്യുല്ലാ വിഭാവന ചെയ്തതും ഖുർആനും സുന്നത്തും അടിത്തറയാക്കിയതുമായ ഖിലാഫതുൻ അലാ മിൻഹാജിന്നുബുവ്വഃ അഥവാ പ്രവാചക മാതൃകയിലുള്ള ഖിലാഫത് ഭരണം ഹ്രസ്വകാലത്തേക്കെങ്കിലും സ്ഥാപിക്കാൻ സാധിച്ചുവെന്നത് ഈ പ്രസ്ഥാനത്തിന്റെ സവിശേഷതയാണ്. അവിഭക്ത ഇന്ത്യയുടെ അതിർത്തിപ്രദേശമായ പെശാവറിൽ 1827-ൽ അടിത്തറ പാകിയ ഈ ഭരണകൂടം നാല് വർഷം മാത്രമേ നിലനിന്നുള്ളൂവെങ്കിലും ചുരുങ്ങിയ കാലത്തിനുള്ളിൽ ഒരു സമ്പൂർണ ഇസ്‌ലാമിക ഭരണകൂടത്തിന്റെ മാതൃക സമർപ്പിക്കാൻ അതിന് സാധിച്ചു. ഖുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിച്ചുകൊണ്ടും ബിദ്അത്തുകൾക്കെതിരെ ബോധവൽക്കരിച്ചുമാണ് മുജാഹിദീൻ പ്രസ്ഥാനം ബഹുജനങ്ങളെ സംഘടിപ്പിച്ചത്. പ്രസ്ഥാനത്തിന്റെ വക്താക്കളുടെ അസാധാരണമായ ജീവിത വിശുദ്ധി പ്രസ്ഥാനത്തിലേക്ക് ജനങ്ങളെ ആകർഷിച്ച ഒരു പ്രധാന ഘടകമായിരുന്നുവെന്ന് എല്ലാ ചരിത്രകാരന്മാരും എടുത്തുപറഞ്ഞിട്ടുണ്ട്. സയ്യിദ് അഹ്മദ് ശഹീദിന്റെ കർമശേഷിയും ഇസ്മാഈൽ ശഹീദിന്റെ വിജ്ഞാനവുമായിരുന്നു പ്രസ്ഥാനത്തിന്റെ പ്രധാന മൂലധനം. ഇസ്മാഈൽ ശഹീദ് രചിച്ച *തഖ്‌വിയതുൽ ഈമാൻ* എന്ന വിശ്രുത ഗ്രന്ഥം തൗഹീദിനെക്കുറിച്ചെഴുതപ്പെട്ട ഏറ്റവും നല്ല ഗ്രന്ഥങ്ങളിലൊന്നാണ്.